"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26-സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.23/2025/HSG തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:- 1. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 17.05.2025-ലെ KSHB-HO/335/2023- LRC1 നമ്പർ കത്ത്.

2. 30.05.2024-ൽ ഭവനനിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

<u>ഉത്തരവ്</u>

2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ "എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" എന്ന പദ്ധതി പ്രകാരം എം. എൻ. ലക്ഷം വീട് പദ്ധതിയിലുൾപ്പെട്ട ശോചനീയാവസ്ഥയിലുള്ള വീടുകൾ പുനർ നിർമ്മിക്കുകയോ/ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുകയോ ചെയ്യുന്നതിനായി അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ സുവർണ്ണഭവനം, നവയുഗം എന്നീ രണ്ട് ഘടകങ്ങളിലുൾപ്പെടുത്തി ധനസഹായം വിതരണം ചെയ്യുന്നതിനായി പത്തു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. 2025-26 സാമ്പത്തിക വർഷത്തിൽ "എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" യ്ക്കായി സർക്കാർ സബ്സിഡി 2 ലക്ഷം രൂപ, സ്പോൺസർ/ കോൺട്രിബ്യൂട്ടേഴ്സ് വിഹിതം- 2 ലക്ഷംരൂപ , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം-1 ലക്ഷം രൂപ എന്നിങ്ങനെ ഓരോ യൂണിറ്റിനും ആകെ 5 ലക്ഷം രൂപ എന്ന കണക്കിന് 500 വീടുകൾ പുനരുദ്ധരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അതിൽ സർക്കാർ സബ്സിഡിയായ 2 ലക്ഷം രൂപ നല്കുന്നതിനു വേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നല്കണമെന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭ്യമാക്കുന്ന വിഷയം ഉന്നതതല നയപരമായ തീരുമാനങ്ങൾക്ക് വിധേയമായി മാത്രമേ ഉറപ്പിക്കുവാനാകു എന്നതിനാൽ പ്രസ്തുത വിഹിതം ഗുണഭോക്താക്കളിൽ നിന്നോ സ്പോൺസർമാരിൽ നിന്നോ കണ്ടെത്തണമെന്ന വ്യവസ്ഥക്ക് വിധേയമായി വീടൊന്നിന് സർക്കാർ സബ്സിഡിയായ രണ്ട് ലക്ഷം രൂപ നല്കുന്നതിനായി ആകെ 10 കോടി രൂപയിൽ നിജപ്പെടുത്തി എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം അംഗീകാരം നല്കുകയുണ്ടായി.

4.മേൽ സാഹചര്യത്തിൽ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന

ബഡ്ജറ്റിൽ 4216-80-800-94 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ (പത്തു കോടി രൂപ മാത്രം) വിനിയോഗിച്ച് വീടൊന്നിന് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകി "എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി" നടപ്പാക്കുന്നതിന് നിലവിലെ പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആയിരിക്കും. കൂടാതെ KSHB-യുടെ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തേണ്ടതാണ്.
ii. എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഡ്രോയിംഗ് ഡിസൈൻ, സ്റ്റേജ്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് മുതലായവ ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് എല്ലാ സാങ്കേതിക പിന്തുണയും KSHB നൽകേണ്ടതാണ്.
iii. വീടുകളുടെ പുനർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് KSHB പുരോഗതി നിരീക്ഷിക്കേണ്ടതാണ്.
iv. പദ്ധതിയുടെ കാലാവധി ഒരു വർഷമായിരിക്കും.
v. ഫണ്ട് റിലീസ് യഥാർത്ഥ ആവശ്യകതയെ അടിസ്ഥാനമാക്കി ഉള്ളതായിരിക്കും
vi. നിലവിലെ ലക്ഷം വീട് കോളനിയിലെ കുടുംബങ്ങൾ ആയിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ
vii. സർക്കാർ സബ്സിഡി 2 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (പി. യു. സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 10-07-2025 11:37:38